**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - നാട്ടിക ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 1991-92 - ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.2779/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 05/10/2012**

---

**പരാമർശം:-** 1) നാട്ടിക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31/10/2011-ലെ 445/93 നമ്പർ കത്തും 09/03/1990-ൽ സാധാരണ മീറ്റിംഗിലെ 55(A)-ാം നമ്പർ തീരുമാനവും

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18/08/2012-ലെ LF-18923 /P.T2/11 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ നാട്ടിക ഗ്രാമപഞ്ചായത്തിന്റെ 1991-92 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ബസ് സ്റ്റാൻഡിന്റെ പ്രവർത്തനം തുടങ്ങുമെന്നുള്ള പ്രതീക്ഷയിൽ കടമുറികൾ ലേലം ചെയ്തു കൊടുക്കുകയും ബസ് സ്റ്റാൻഡിന്റെ പ്രവർത്തനം തുടങ്ങാൻ കാലതാമസമുണ്ടായ സാഹചര്യത്തിൽ ഒരു മാസത്തെ വാടക ഇളവു ചെയ്തു കൊടുത്ത പഞ്ചായത്തിന്റെ നടപടി ആഡിറ്റിൽ തടസ്സപ്പെടുത്തുകയും ഇളവ് ചെയ്ത വാടക അംഗങ്ങളിൽ നിന്നും ഈടാക്കാണമെന്ന് ആഡിറ്റിൽ പരാമർശിക്കുകയും ചെയ്തു.

തൃപ്രയാർ ഷോപ്പിംഗ് കോംപ്ലക്സിലെ ലേലം ചെയ്തു കൊടുത്ത 12 മുറികളുടെ വാടക 01/03/1990 മുതൽ പിരിക്കുന്നതിന് 12/02/1990-ലെ 34-ാം നമ്പറായി തീരുമാനിച്ചിരുന്നെങ്കിലും ബസ് സ്റ്റാൻഡിന്റെ പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ വാടക 01/04/1990 മുതൽ മാത്രം പിരിച്ചാൽ മതിയെന്ന് 09/03/1990-ലെ 55 (എ)-ാം നമ്പരായി പഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു മാസത്തെ വാടക ഇളവു ചെയ്തു കൊടുത്ത ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് അപേക്ഷിച്ചിട്ടുണ്ട്. ആയതിന്

P.T.O

സാധൂകരണം നൽകണമെന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 09/03/1990-ലെ 55(A) -ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് സെക്രട്ടറി ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിന്റെ കാലദൈർഘ്യം പരിഗണിച്ചും തുക ഈടാക്കാതിരുന്നത് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലായതിനാലും പ്രസ്തുത ഓഡിറ്റ് തടസ്സത്തിന് സർക്കാരിൽ നിന്നും സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ നാട്ടിക ഗ്രാമപഞ്ചായത്തിന്റെ 1991-92-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഒരു മാസത്തെ വാടക ഇളവ് ചെയ്ത് കൊടുത്ത പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, തൃശ്ശൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, നാട്ടിക ഗ്രാമ പഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ